**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 390** **05-12-2022 - ൽ മറുപടിയ്ക്ക്**

**ഗ്രാമ പഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എത്ര ഗ്രാമ പഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്; പ്രസ്തുത തസ്തിക ഉള്ള ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ 595 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക് തസ്തിക നിലവിലുണ്ട്, പ്രസ്തുത തസ്തിക നിലവിൽ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തിക നിലവിലില്ല. |
| (ബി) | ഉദ്യോഗസ്ഥ ഭരണ-പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ച നിബന്ധനകൾ അനുസരിച്ച് എത്ര ക്ലാർക്കുമാർ ഉള്ള ഓഫീസുകളിലാണ് ജൂനിയർ സൂപ്രണ്ട് തസ്തിക ആവശ്യമായുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | 1985 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ആറോ അതിലധികമോ ക്ലറിക്കൽ ജീവനക്കാരുള്ള ഓഫീസിലെ സൂപ്പർവൈസർ തസ്തിക ജൂനിയർ സൂപ്രണ്ട് ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. |
| (സി) | പ്രസ്തുത നിബന്ധനകളിൽ പരാമർശിക്കുന്നതിനേക്കാൾ കൂടുതൽ ക്ലാർക്ക് (എൽ.ഡി/യു.ഡി) മാരുള്ള ഗ്രാമ പഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതു സംബന്ധിച്ച എന്തെങ്കിലും ഫയൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല.<br>പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ